MEDIA CONSULTANTS

# DESHABHIMANI

**Kerala Tourism wins advertisement award in Prague**

Date: **30-04-2012** | Edition: **All Kerala** | Page No: **4**| Clip size (cm) - W: **7** H: **10.5**

---

## കേരള ടൂറിസത്തിന് പ്രേഗ് അവാർഡ്

തിരു: ആഗോള ബ്രാൻഡുകൾ മാറ്റുരയ്ക്കുന്ന വിഖ്യാത പ്രേഗ് ഇന്റർനാഷണലിന്റെ അഡ്വർട്ടൈസിങ് ഫെസ്റ്റിവലിന്റെ (പിയാഫ്) സ്റ്റേറ്റ് വിഭാഗത്തിൽ കേരളാ ടൂറിസത്തിന് വെങ്കല മെഡൽ. യുവർ മൊമെന്റ് ഈസ് വെയ്റ്റിങ് എന്ന കേരളാ ടൂറിസം പ്രചാരണപരിപാടിയുടെ അച്ചടി കോപ്പിക്കാണ് പിയാഫ് 2012ൽ അപൂർവമായ ഈ അംഗീകാരം ലഭിച്ചത്.

യുവർ മൊമെന്റ് ഈസ് വെയ്റ്റിങ്ങിന് ഫിലിം വിഭാഗത്തിൽ പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ മൂന്ന് സ്വർണമെഡൽ അടക്കം ഒരു ഡസനിലേറെ പുരസ്കാരങ്ങൾ ലഭിച്ചതിനുപിന്നാലെയാണ് ഈ അംഗീകാരം. ലണ്ടനിലെ പ്രശസ്തമായ സാച്ചി ഗ്യാലറിയിൽ നടന്ന ചടങ്ങിലാണ് യുവർ മൊമെന്റ് ഈസ് വെയിറ്റിങ്ങിന് തുടക്കമിട്ടത്. ചെൽസ ഫുട്ബോൾ ക്ലബ്ബിന്റെ പടക്കുതിരയായ ദിദിയെ ദ്രോഗ്ബ, മുൻ ഇംഗ്ലണ്ട് ഫുട്ബോളർ ഗാരി ലിനേക്കർ, മോഹൻലാൽ എന്നിവരടക്കം നിരവധി വിശിഷ്ടവ്യക്തികൾ ഈ ചടങ്ങിൽ പങ്കെടുത്തിരുന്നു.

സ്റ്റാർക്ക് കമ്യൂണിക്കേഷൻസിന്റെ സാക്ഷാൽക്കാരത്തിൽ വിശ്രുത ഫോട്ടോഗ്രാഫർ പ്രബുദ്ധ ദാസ് ഗുപ്തയാണ് യുവർ മൊമെന്റ് ഈസ് വെയിറ്റിങ്ങിന്റെ അച്ചടിവിഭാഗത്തിലെ പ്രചാരണപരിപാടികൾ ക്യാമറയിലാക്കിയത്. ഫോട്ടോഗ്രഫിക്കും കലാസംവിധാനത്തിനും കൊച്ചി അഡ്വൈർട്ടൈസിങ് ക്ലബ്ബിന്റെ 2012ലെ രണ്ട് പെപ്പർ അവാർഡുകൾ അച്ചടിപ്പരസ്യങ്ങൾക്കു ലഭിച്ചിട്ടുണ്ട്.